# Weekly Devotions of February 2015



## ‘What can I do for you’ ?

“-----ഞാൻ നിനക്ക് എന്തു ചെയ്തു തരണം”? (2 രാജ:2:9)

പരിഷ്കൃത ലോകത്തിൽ ആത്മാർത്ഥതയില്ലാതെ ചോദിക്കുന്ന ഒരു ചോദ്യമാണ് ‘What can I do for you’ ?എന്നാൽ ഇവിടെ ഏലിയാവ് ആത്മാർത്ഥതയോടെ, കാപട്യമില്ലാതെ, തന്റെ പിൻഗാമിയായി ദൈവം ക െത്തിയ പ്രീയശിഷ്യനോട് ചോദിച്ചതാണ് ‘ഞാൻ നിങ്കൽ നിന്ന് എടുത്തു കൊള്ളപ്പെടും മുമ്പെ, ഞാൻ നിനക്ക് എന്ത് ചെയ്തു തരണം?’ ഇപ്രകാരമൊരു ചോദ്യം എലീശയോട് ഏലിയാവ് ചോദിഷാൻ പ്രേരകമായ ഘടകം എലീശയുടെ നിശ്ചയദാർഢ്യമാണ്. വയലിൽ ഉഴുതുകൊ ു നിന്ന എലീശയുടെ മേൽ വീണ പുതഷ് അവനെ അതിന്റെ ഉടമസ്ഥനായ ഏലിയാവിന്റെ ശിഷ്യനാക്കി മാറ്റി.

ഇഷോൾ തന്റെ യജമാനൻ സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുവാൻ പോകുന്നു എന്ന് കേട്ടഷോൾ അവൻ ദു:ഖിതനായി. സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടുന്നതിനു മുമ്പ് നാല് സ്ഥലങ്ങളിൽ കൂടി കടക്കേ താ യിട്ടു ്.ആദ്യ മൂന്ന് സ്ഥലങ്ങളിൽ എത്തിയപ്പോഴും ‘നീ ഇവിടെ താമ

സിക്കുക' എന്ന് ഏലിയാവ് നിർദ്ദേശിച്ചിരുന്നു. എലീശ അതിന് യഹോവയാണ നിന്റെ ജീവനാണ ഞാൻ നിന്നെ വിടുകയില്ല എന്ന് മറുപടി നൽകി (2 രാജ 2:2-6). ഈ തീരുമാനത്തിലെ നിശ്ചയ ദാർഢ്യവും , ദൈവത്തിനു വേ ി പ്രവർത്തിപ്പാനുള്ള ഉൽക്കടമായ അഭിവാഞ്ചയുമാണ് നാലാമത്തെ സ്ഥലത്തെത്തിയപ്പോൾ "ഞാൻ നിനക്ക് എന്തു ചെയ്തു തരണമെന്ന്"? ചോദിപ്പാൻ കാരണമായത്. ലോകമനുഷ്യൻ ഭൗമീകമായത് ആവശ്യപ്പെടുമ്പോൾ എലീശയുടെ ആവശ്യം ശ്രദ്ധിക്കുക "നിന്റെ ആത്മാവിൽ ഇരട്ടിപ്പങ്ക് എന്റെ മേൽ വരുമാറാകട്ടെ" (2 രാജ 2:9) . അതായത് നിന്റെ ആത്മാവിനെ പ്രാപിക്കുവാനുള്ള എന്റെ കഴിവ് ഇരട്ടിയാകട്ടെ എന്നായിരുന്നു ആവശ്യം. എലീശയിൽ നിന്ന് ഏലിയാവ് എടുക്കപ്പെടുന്ന അത്ഭുതദൃശ്യം ക ാൽ മാത്രമേ ഈ ഭാഗ്യം ലഭ്യമാകയുള്ളൂ.

സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെടേ വനും , ആത്മാവിന്റെ ഇരട്ടിപ്പങ്ക് വേ വനും ഒന്നാമതായി ഗിൽഗാലിൽ നിന്ന് പുറപ്പെടണം.

യിസ്രായേൽ ജനത്തിന് മിസ്രേമിന്റെ നിന്ദ (ലോകം, ജഡം, പിശാച് ഇവയുടെ പ്രതീകം) ഉരുട്ടിക്കളഞ്ഞ സ്ഥലമാണ് ഗിൽഗാൽ (യോശുവ 5:6-9)

തെറ്റായ ചിന്തകളെ ഉപേക്ഷിച്ചവർ ര ാമതെത്തിയത് ബെഥേലിലാണ്. (പ്രാർത്ഥനാസ്ഥലം). തീരുമാനം എടുക്കുവാനും , ദശാംശം കൊടുക്കുമെന്ന് പ്രഖ്യാപിപ്പാനും ധൈര്യം നൽകിയ സ്ഥലമാണിത്. മൂന്നാമത്തെ സ്ഥലം യെരിഹോ എന്ന ദൈവീക അത്ഭുതം നടന്ന സ്ഥലം.യെരിഹോ തെറ്റായ ചിന്തകളെയും , സങ്കല്പങ്ങളെയും കാണിക്കുന്നു.ഇത് സ്തുതിസ്തോത്രത്താൽ തകർക്കുന്നു.വേർപാട് പ്രാപിച്ചവർ നാലാമത്തെ സ്ഥലമായ യോർദ്ദാനിലെത്തുമ്പോൾ അഭിഷേകത്താൽ നിറയപ്പെടുന്നു. ഭൂമിയിൽ നിന്ന് ഏലിയാവ് എടുക്കപ്പെടുവാൻ യോഗ്യനായപ്പോൾ , ആ കാഴ്ച ക ഏലിയാവിന്റെ

മേൽ വീണ അഭിഷേകത്തിന്റെ അടയാളമായ പുതപ്പ് എലീശയ്ക്ക് കൈമാറി .അങ്ങനെ ആ ശുശ്രൂഷ ഇരട്ടിച്ചു. (ക്രിസ്തു വരുമ്പോൾ എടുക്കപ്പെടുന്ന കൂട്ടത്തിൽ നാം കാണുമോ?)

ഏലിയാവ് ചോദിച്ചതുപോലെ കർത്താവ് ചോദിക്കുന്ന ഈ ചോദ്യത്തിന് മറുപടി ഈ അവസ്ഥയിലെത്തിയവർക്ക് പറയാം, കർത്താവേ ഇപ്പോഴുള്ളതിന്റെ ഇരട്ടിപ്പങ്ക് ആത്മാവ് , പ്രാർത്ഥിപ്പാനും , ആരാധിപ്പാനുമുള്ള കഴിവ് , ഇരട്ടിപ്പങ്ക് ആരോഗ്യം, ബുദ്ധി, വിവേകം, എല്ലാം എനിക്ക് തരുമാറാകണേ എന്ന്.

## പ്രാർത്ഥന

സ്വർഗ്ഗസ്ഥനായ പിതാവേ ! ജഡത്തിന്റെ ചിന്ത മരണമാകയാൽ അത് ഉപേക്ഷിച്ച് മടുത്തുപോകാതെ പ്രാർത്ഥിപ്പാനും , എല്ലാറ്റിനും ദശാംശം തരുവാനും എന്നെ പഠിപ്പിച്ചതിനു നന്ദി. അത് അനുസരിപ്പാനുള്ള കൃപ പ്രാപിച്ച് , പരിശുദ്ധാത്മാവാൽ നിറയപ്പെടാൻ ഇടയാകേണമേ. യേശുവിന്റെ നാമത്തിൽ തന്നെ

ആമേൻ



Sis. Shanthamma Varghese

**ശാന്തമ്മ വറുഗീസ്**